# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2439 | 19/03/2015-ൽ മറുപടിക്ക്

## കരങ്ങ്പനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി ജമീല പ്രകാശം | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) വയനാട് ജില്ലയിൽ കരങ്ങ്പനി ബാധിച്ച് ചില ആളുകൾ മരണപ്പെട്ടുകയും നിരവധി ആളുകൾ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടുകയും ചെയ്ത പ്രദേശങ്ങൾ പട്ടികവർഗ വകുപ്പ് മന്ത്രി സന്ദർശിച്ചിരുന്നോ ; | എ) കരങ്ങ്പനി ബാധിച്ച സ്ഥലങ്ങളിലും, ആശുപത്രി കളിലും പട്ടികവർഗ വകുപ്പ് മന്ത്രി സന്ദർശിച്ചിരുന്നു. |
| ബി) എങ്കിൽ ആ സന്ദർശനത്തിന് ശേഷം എന്തൊക്കെ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് കൈക്കൊള്ളുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; | ബി) മരണപ്പെട്ട ആദിവാസി (പട്ടികവർഗ്ഗ) രോഗികൾക്ക് ധന സഹായം നൽകുവാൻ നടപടി സ്വീകരിക്കും.<br>ആശുപത്രിയിൽ കഴിയുന്നവർക്കും, കൂട്ടിരിപ്പുകാർക്കും നിത്യ നിദാന ചിലവിന് സാമ്പത്തിക സഹായം നൽകും.<br>ഇവയാണ് പ്രധാന പ്രഖ്യാപനങ്ങൾ. |
| സി) ആ പ്രഖ്യാപനം അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞോ എന്ന് വ്യക്തമാക്കാമോ;<br>ഡി) ഇല്ലെങ്കിൽ ആ നടപടികൾ സ്വീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | സി) & ഡി) ആശുപത്രിയിൽ കഴിയുന്നവരുടെ നിത്യ നിദാനത്തിനായി പട്ടികവർഗ്ഗ വകുപ്പ് 5 ലക്ഷം രൂപ ജില്ലാ മെഡിക്കൽ ആഫീസർക്കും തുടർന്ന് രോഗബാധ കൂടുതലുള്ള പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ആഫീസർമാർക്കും കൈമാറിയിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുബാംഗങ്ങൾക്കുള്ള സാമ്പത്തിക സഹായം പട്ടികവർഗ്ഗ വകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ